# ഡോക്ടർമാർക്ക് അമേരിക്കയിൽ എന്നും ഡിമാൻഡ്

**ലോ**കജനത വർധിച്ചുകൊണ്ടേയിരിക്കുന്നു. തിരിച്ചറിഞ്ഞു വരുന്ന സുഖക്കേടുകളുടെ എണ്ണവും കൂടിക്കൊണ്ടിരിക്കുന്നു. ഈ അനുപാതത്തിൽ ഡോക്ടർമാരുടെ എണ്ണം വർധിക്കാത്തിടത്തോളം കാലം അവർക്ക് ജോലിയില്ലാതെ വരില്ലല്ലോ.

യു.എസ്.എ.യിൽ ഡോക്ടർമാരുടെ എണ്ണം തുലോം കമ്മിയായിരുന്നു, ഒരു പന്തീരാണ്ടിനു മുമ്പു വരെ. ഇപ്പോൾ ഈ അവസ്ഥയ്ക്ക് കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ടെങ്കിലും വിദേശരാജ്യങ്ങളിൽ നിന്നുള്ള ഡോക്ടർമാരുടെ സേവനം കൂടിയേ തീരുവെന്ന മട്ടുതന്നെയാണ്.

ഇന്ത്യയിൽ നിന്നു ധാരാളം ഡോക്ടർമാർ അമേരിക്കയിൽ കുടിയേറിപ്പാർത്തിട്ടുണ്ട്. അവരിൽ കേരളീയരുടെ എണ്ണവും കുറവല്ല. അസ്സോസിയേഷൻ ഓഫ് കേരള മെഡിക്കോസ് (AKMG) എന്നൊരു പ്രബല സംഘടനയും അവിടെയുണ്ട്. ഇവരിൽ പലരുടെയും ആളോഹരി വരുമാനം അമേരിക്കൻ പ്രസിഡൻറിൻെറ ശമ്പളത്തെ കവിയും എന്നു പറഞ്ഞാൽ, വിശ്വസിക്കുവാൻ പ്രയാസം തോന്നിയേക്കും. പുതിയ ക്ലിൻറൺ ഭരണകൂടം നാഷണൽ ഹെൽത്ത് ഇൻഷ്വറൻസ് കൊണ്ടുവന്ന് ഡോക്ടർമാരുടെ അമിത വരുമാനത്തിനെ കടിഞ്ഞാണിടാൻ ശ്രമിക്കുന്നു.

വിദേശത്തു നിന്നുള്ള ഡോക്ടർമാർ, അമേരിക്കയിൽ ജോലിയെടുക്കുവാൻ 'USMALE' എന്ന പേരിലറിയപ്പെടുന്ന പരീക്ഷ പാസാകണം. ഫിലാഡൽഫിയാ ആസ്ഥാനമായുള്ള എജുക്കേഷണൽ കൗൺസിൽ ഫോർ ദി ഫോറിൻ മെഡിക്കൽ ഗ്രാജ്വേറ്റ്സ് ആണ് ഈ പരീക്ഷ നടത്തുന്നത്. ഇന്ത്യയിൽ ഈ പരീക്ഷ നടത്തപ്പെടുന്നില്ല. പാകിസ്ഥാനിലും ശ്രീലങ്കയിലുമൊക്കെയുണ്ട്. രണ്ടു ഭാഗങ്ങളായി എഴുതി പാസ്സാകേണ്ട ഈ പരീക്ഷയുടെ ഫീസ് സ്വല്പം കട്ടിയാണ്. 800 യു.എസ്. ഡോളറാണ് പരീക്ഷാ ഫീസ് മാത്രം. പിന്നെ കടൽകടന്ന് പരീക്ഷയെഴുതി വരാനുള്ള ചെലവും.

'USMALE' പരീക്ഷ അമേരിക്കൻ മെഡിക്കൽ ബിരുദധാരികൾ എഴുതി പാസ്സാകേണ്ട നാഷണൽ ബോർഡ് പരീക്ഷയുടെ മട്ടിലാണ് സംഘടിപ്പിച്ചിരിക്കുന്നത്. അടുത്ത കാലങ്ങളിലായി ഈ പരീക്ഷ എഴുതിയവരിൽ വിജയശതമാനം കൂടുതലായി കാണുന്നു. ഇത് പണ്ടുണ്ടായിരുന്ന ECFMG പരീക്ഷയുടെ ഫലങ്ങളെക്കാളും ആശ്വാസജനകമാണ്. വിദേശിയർക്കു വേണ്ടി മാത്രം നടത്തിയിരുന്ന ആ പരീക്ഷയിൽ വിവേചനം നിലനിന്നിരുന്നു. യു.എസ്. കോൺഗ്രസ്സിൽ ഇന്ത്യയുടെ ഉറ്റമിത്രമായിരുന്ന സ്റ്റീഫൻ സോളേഴ്സാണിതിനെതിരെ നിയമയുദ്ധം ചെയ്ത് നീതി നേടിയത്.



ഉദ്യോഗാർഥം വിദേശത്തേക്ക് -13

**മധു നായർ**

ചെറുപ്പക്കാരായ ഡോക്ടർമാർക്ക് അമേരിക്ക സന്ദർശിക്കാനുള്ള വിസ ലഭിക്കില്ലായെന്നുതന്നെ പറയാം. അവിടെയെത്തിയാൽ പരീക്ഷകളെന്ന കടമ്പകൾ മിക്ക ഇന്ത്യൻ മെഡിക്കൽ ബിരുദധാരിക്കും കടക്കാവുന്നതേയുള്ളൂ. അതിനു നിവൃത്തിയില്ലാത്തതാണ് ഒരു കീറാമുട്ടി പ്രശ്നം. അപൂർവം ചിലർക്കൊക്കെ ജനറ്റിക്സിനും, പബ്ലിക് ഹെൽത്തിനും ബിരുദാനന്തര കോഴ്സുകൾക്ക് പ്രവേശനം കരസ്ഥമാക്കി സ്റ്റുഡൻറ്സ് വിസയിൽ പോകാൻ സാധിക്കുന്നു.

USMALE പരീക്ഷ പാസായാൽ യു.എസിലേതെങ്കിലും ആസ്പത്രിയിൽ റസിഡൻസി പ്രോഗ്രാമിനു പ്രവേശനം ലഭിക്കും. ശമ്പളത്തോടുകൂടിയുള്ള പഠിത്തമാകയാൽ H വിസ ലഭിക്കുവാൻ ഒരു പ്രയാസവുമില്ല. തിരഞ്ഞെടുക്കുന്ന ആസ്പത്രിയും ട്രെയിനിങ് തേടുന്ന സ്പെഷ്യാലിറ്റിയും ആശ്രയിച്ചിരിക്കും റസിഡൻസി പ്രോഗ്രാമിൽ കയറിപ്പറ്റുന്നതിലുള്ള വിജയം. തുടക്കത്തിന് ഹാർവേഡും ജോൺസ് ഹോപ്കിൻസും ഒക്കെ വിട്ടിട്ട് ഏതെങ്കിലും തുക്കട ആസ്പത്രിയിലേക്ക് ശ്രമിക്കുന്നതാണ് ഉചിതം. അവിടെയെത്തിക്കഴിഞ്ഞാൽ അവരവരുടെ കഴിവിനൊത്ത് നല്ല പ്രോഗ്രാമുകളിലേക്ക് മാറാവുന്നതേയുള്ളൂ. സായിപ്പിന് മുഖ്യ പങ്കു മാറ്റിവെച്ചിട്ട് എച്ചിലുകളാകാം ഇന്ത്യക്കാർക്ക് നീട്ടിക്കിട്ടുക. പക്ഷേ, അമേരിക്കൻ മണ്ണിൽ കാലു കുത്തിയാൽ അവൻ നുഴഞ്ഞുകയറ്റക്കാരനായാൽപോലും ഉരുക്കുബലമുള്ള അമേരിക്കൻ മൗലികാവകാശങ്ങളുടെ തണൽ ലഭിക്കും.